(ബി) വരുമാനപരിധി വെട്ടിച്ചുരുക്കുന്നതുമൂലം നിലവിൽ ക്ഷേമ പെൻഷൻ ലഭിക്കുന്നവർക്ക് പെൻഷൻ നഷ്ടപ്പെടാൻ സാധ്യതയുണ്ടോ ; ഉണ്ടെങ്കിൽ മൊത്തം എത്രപേർക്ക് പെൻഷൻ നഷ്ടപ്പെടുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കിവരുന്ന സാമൂഹ്യക്ഷേമ പെൻഷനുകളിൽ അഗതി/വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവയുടെ അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയായിരുന്നു. എന്നാൽ ക്ഷേമ പെൻഷനുകളുടെയെല്ലാം അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാനം 1 ലക്ഷം രൂപയായി ഏകീകരിച്ച് 20-6-2014-ന് സ.ഉ. (എംഎസ്.) നമ്പർ 52/14/സാനീവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വാർദ്ധക്യകാല പെൻഷൻ, അഗതി/വിധവാ പെൻഷൻ ഇവയുടെ അർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാന പരിധി 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിൻപ്രകാരം പെൻഷൻ ഇതിനകം ലഭിച്ച ഗുണഭോക്താക്കളിൽ നിന്നും ടി തുക തിരിച്ചുപിടിയ്ക്കേണ്ടതില്ലെന്ന് സ.ഉ.(എംഎസ്.) നമ്പർ 52/14/സാനീവ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. വരുമാനപരിധി ഏകീകരിച്ചതുമൂലം പെൻഷൻ ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെട്ടവരുടെ കണക്ക് ശേഖരിച്ചിട്ടില്ല.

വരുമാനപരിധി ചുരുക്കിയതിനാൽ പെൻഷൻ നൽകാനാകാത്ത സാഹചര്യം

196 (7495) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരുമാനപരിധി 3 ലക്ഷം രൂപയിൽനിന്ന് 1 ലക്ഷം രൂപയായി ചുരുക്കിയത് കാരണം അനുവദിച്ച പെൻഷൻ നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല. സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പെൻഷനുകളുടെ അർഹതയ്ക്കുള്ള കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയായി ഏകീകരിച്ച് സ.ഉ.(എംഎസ്.) നമ്പർ 52/14/ സാനീവ ഉത്തരവ് 20-6-2014-ന് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly